യിൽ പ്രവർത്തിക്കുന്നുണ്ട്. പരിശോധന നടത്തിയത് തൃശ്ശൂർ ബിൽഡിംഗ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയറാണ്. പരിശോധനാ റിപ്പോർട്ട് കെട്ടിടം സുരക്ഷിതമല്ല എന്നാണ് സൂചിപ്പിക്കുന്നത്.

(ഡി) ആയിരത്തിലധികം രോഗികൾ പ്രതിദിനം വരുന്നുണ്ട്. കിടത്തി ചികിത്സിക്കുന്നവരുടെ എണ്ണം ശരാശരി 200 ആണ്.

(ഇ) 240 ബഡ്ഡുണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിൽ ഇല്ല.

146 (2332) പുനലൂർ ഗവൺമെന്റ് ആശുപത്രി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഗവൺമെന്റ് ആശുപത്രി എന്നാണ് എഫ്.ആർ.യു. ആയി പ്രഖ്യാപിച്ചത്;

(ബി) എഫ്.ആർ.യു. ആശുപത്രിയായി ഉയർത്തുമ്പോൾ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തുന്നത്;

(സി) പുനലൂർ ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഇനി ഏതെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉണ്ട്;

(ഡി) ഇവ എന്നത്തേയ്ക്ക് ഏർപ്പെടുത്തുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24.4.1998-ൽ ആണ് പുനലൂർ ഗവൺമെന്റ് ആശുപത്രി എഫ്.ആർ.യു. ആയി പ്രഖ്യാപിച്ചത്.

(ബി) വിദഗ്ദ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരേയും നഴ്സുമാരേയും ഇതിലേക്ക് നിയോഗിക്കാറുണ്ട്. കൂടാതെ വൈദ്യസഹായരംഗത്തെ ആധുനിക ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

(സി)&(ഡി) ഓപ്പറേഷൻ തീയേറ്ററിലേക്ക് ജനറേറ്റർ, പുതിയ എക്സ്റേ യൂണിറ്റ്, അൾട്രാ സൗണ്ട് സ്കാനർ, ഫോട്ടോ തെറാപ്പി യൂണിറ്റ്, ഓവർസീസ് പ്രൊജക്ടർ, സ്റ്റെബിലൈസർ, ബോയിലേഴ്സ് അപ്പാരറ്റസ്, റസിബിറ്റേഷൻ കിറ്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

147 (2333) മഞ്ചേരിയിൽ ഡി.എം.ഒ. ഓഫീസിന്റെ കെട്ടിടം പണി

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ ഡി.എം.ഒ. ഓഫീസിന് കെട്ടിടം പണിയാൻ മറ്റു വകുപ്പുകളിൽനിന്നും ആരോഗ്യ വകുപ്പിന് സ്ഥലം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ സ്ഥലം ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥലത്ത് കെട്ടിടം പണി തുടങ്ങിയിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കെട്ടിടം പണി തുടങ്ങിയിട്ടില്ലെങ്കിൽ എന്നത്തേയ്ക്ക് ഇതു തുടങ്ങാനാവുമെന്നും എന്നത്തേയ്ക്ക് പണി പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(ഇ) കെട്ടിടം പണിക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഗ്രാമ വികസന വകുപ്പിൽനിന്ന് 96 സെന്റ് സ്ഥലം ലഭിച്ചിട്ടുണ്ട്.

(സി)-(ഇ) കെട്ടിടം പണി ടെൻഡർ ചെയ്യാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. കെട്ടിടപണിയ്ക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

148 (2334) മഞ്ചേരി ജില്ലാ ആശുപത്രിയുടെ കെട്ടിടം പണി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ച് പ്രത്യേക വിഭാഗമായി മാതൃശിശു സംരക്ഷണ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം തുടങ്ങിയോ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടം പണിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ എന്തുതുക വക കൊള്ളിച്ചിട്ടുണ്ട്;

(ഡി) ഈ ആശുപത്രിയുടെ കെട്ടിടം പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെട്ടിട നിർമ്മാണത്തിന് പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ.

(സി) ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി) പണം ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തിയാക്കാവുന്നതാണ്.

149 (2335) കെ.എച്ച്.ആർ.ഡബ്ല്യൂ. സൊസൈറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly